# പിങ്ക് പോലീസ് പട്രോൾ സംവിധാനം മൂവാറ്റുപുഴയിലും ആരംഭിച്ചു




സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പ് വരുത്തുക എന്ന ലക്ഷ്യത്തോട്കൂടി സംസ്ഥാന സർക്കാർ കേരളാ പോലീസിലൂടെ നടപ്പിലാക്കുന്ന പദ്ധതിയായ പിങ്ക് പോലീസ് പട്രോൾ സംവിധാനം എറണാകുളം റൂറൽ ജില്ലയിലെ മൂവാറ്റുപുഴയിലും, സമിപ പ്രദേശങ്ങളിലും ഇന്ന് (18.06.2019) മുതൽ പ്രവർത്തനം ആരംഭിച്ചു.

മൂവാറ്റുപുഴ കേന്ദ്രീകരിച്ച് പട്രോളിംഗ് നടത്തുന്ന പിങ്ക് പോലീസ് പട്രോൾ സംവിധാനം ഇന്ന് (18.06.2019) രാവിലെ ആലുവ കൺട്രോൾ റൂം പരിസരത്ത് സംഘടിപ്പിച്ച ചടങ്ങിൽ എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ. കെ.കാർത്തിക് I.P.S ഫ്ലാഗ് ഓഫ് ചെയ്തു. ചടങ്ങിൽ അഡീഷണൽ എസ്.പി ശ്രീ. എം.ജെ സോജൻ, ജില്ലാ ക്രൈം റെക്കോഡ്സ് ബ്യൂറോ ഡി.വൈ.എസ്.പി ശ്രീ. റെജി എബ്രഹാം.പി, ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഡി.വൈ.എസ്.പി ശ്രീ ആർ..റാഫി., ആലുവ ഡി.വൈ.എസ്.പി ശ്രീ .കെ.എ.വിദ്യാധരൻ, മൂവാറ്റുപുഴ ഡി.വൈ.എസ്.പി ശ്രീ. ഷാജിമോൻ ജോസഫ് എന്നിവരും മറ്റ് ഉദ്യോഗസ്ഥരും പങ്കെടുത്തു. പിങ്ക് പോലീസ് പട്രോളിൽ ഒരു വനിതാ സബ്ബ് ഇൻസ്പെക്ടർ, രണ്ട് വനിതാ

കോൺസ്റ്റബിൾ, ഒരു വനിതാ പോലീസ് ഡ്രൈവർ എന്നിവരാണ് ഡ്യൂട്ടിയിൽ ഉണ്ടാകുന്നത്. ഏതു ഫോണിൽനിന്നും 1515 എന്ന നമ്പരിലേക്ക് വിളിച്ചാൽ ഇവരുടെ സേവനം ലഭ്യമാകും.

ഫ്ലാഗ് ഓഫ് ചടങ്ങിനുശേഷം സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം സംബന്ധിച്ച് രൂപീകരിച്ച എറണാകുളം റൂറൽ ജില്ലാ മോണിറ്ററിംഗ് കമ്മറ്റിയുടെ ത്രൈമാസ മീറ്റിംഗും ഇതോടനുബന്ധിച്ച് നടത്തി. കേരള മഹിളാ സംഘം സംസ്ഥാന പ്രസിഡൻെറ് ശ്രീമതി.കമലാ സദാനന്ദൻ, അഡ്വ.അഞ്ജലി സൈറസ്, അഡ്വ.മരിയ ജോയ്, ആലുവ സെൻറ് സേവ്യേഴ്സ് കോളേജ് അസ്സിസ്റ്റൻെറ് പ്രൊഫസർ. ഷെനിയ ഫെസ്റ്റസ്, ഫാമിലി കൗൺസിലർമാരായ സിസ്റ്റർ.ലിനറ്റ് ചക്കിയത്ത്, സിസ്റ്റർ. മൃദുല, സിസ്റ്റർ. അർപ്പിത, ശ്രീമതി.മേരി കുര്യൻ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ.ജഗദംബിക, വനിതാ സെൽ സബ്ബ് ഇൻസ്പെക്ടർമാരായ പി.എം സൈനബ, എ.എസ്.ഉഷ, പി.ചന്ദ്രിക, ഖദീജ എന്നിവർ സംബന്ധിച്ചു.

എറണാകുളം റൂറൽ ജില്ലയിൽ പിങ്ക് പോലീസ് പട്രോൾ സംവിധാനം ആദ്യമായി ആരംഭിച്ചത് 31.07.2018 തീയതി ആയിരുന്നു. ആലുവ കേന്ദ്രീകരിച്ച് പട്രോളിംഗ് നടത്തുന്ന പിങ്ക് പോലീസ് പട്രോൾ സംവിധാനം അന്ന് നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷന് സമീപം സംഘടിപ്പിച്ച ചടങ്ങിൽ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ അവർകളായിരുന്നു ഫ്ലാഗ് ഓഫ് ചെയ്തത്.